# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എലിക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2019-2020**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**
**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: ksaktmp13/829/2020 /12.8.2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 27/03/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എലിക്കുളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: ksaktmp13/829/2020 /12.8.2020 തീയ്യതി: 27/03/2021

# കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2019 മുതൽ 30-06-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-07-2020 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു.സി.ജോർജ് | ഡെപ്യൂട്ടി ഡയറക്ടർ | 06-07-2020 | 17-07-2020 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-07-2020 | 17-07-2020 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സജി.പി.ആർ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ലേഖ.വി,ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഡാനിമോൾ..കെ.ജെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ബാബുരാജ്.കെ.ബി, ഓഡിറ്റർ(ഹ.ഗ്രേ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.സുമംഗലാദേവി.എം.പി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ജോസഫ്.പി.ടി | സെക്രട്ടറി | 01-04-2019 | 01-04-2019 |
| ശ്രീ.സിബി ജോസ്.കെ. | സെക്രട്ടറി | 02-04-2019 | 26-04-2019 |
| ശ്രീ.ജോസഫ്.പി.ടി | സെക്രട്ടറി | 27-04-2019 | 29-08-2019 |
| ശ്രീ.ജോയിസ് സെബാസ്റ്റ്യൻ | സെക്രട്ടറി | 30-08-2019 | 25-09-2019 |
| ശ്രീ.ജോസഫ്.പി.ടി | സെക്രട്ടറി | 26-09-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സിബി ജോസ്.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 11-07-2019 |
| ശ്രീ.ജോയിസ് സെബാസ്റ്റ്യൻ | അസിസ്റ്റന്റ് സെക്രട്ടറി | 24-07-2019 | 31-03-2020 |
| ഡോ.പത്മരാജൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.രശ്മി.എം | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2019 | 24-03-2020 |
| ഡോ.ബിനോജ്.കെ.ജോസ് | മെഡിക്കൽ ഓഫീസർ,ആയുർവേദം | 25-03-2020 | 31-03-2020 |
| ഡോ.സഫിയ.എം | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2019 | 21-11-2019 |
| ഡോ.ബിന്ദു തെരേസ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 22-11-2019 | 31-03-2020 |
| ശ്രീമതി.സബിനിസ.ജെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 09-12-2019 |
| ശ്രീമതി.ജോവാൻസി മാത്യു | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 10-12-2019 | 31-03-2020 |
| ശ്രീമതി.ഷീജാമോൾ ജോസഫ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ജൂലി ജോസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി.നിസ ലത്തീഫ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.സന്തോഷ്കുമാർ.കെ.ദേവ് | വില്ലേജ് എക്സ് റ്റൻഷൻ ഓഫീസർ(എലിക്കുളം സർക്കിൾ) | 01-04-2019 | 05-12-2019 |
| ശ്രീ.കൃഷ്ണകുമാർ | വില്ലേജ് എക്സ് റ്റൻഷൻ ഓഫീസർ(എലിക്കുളം സർക്കിൾ) | 05-12-2019 | 17-12-2019 |
| ശ്രീ.അരുൺപിള്ള | വില്ലേജ് എക്സ് റ്റൻഷൻ ഓഫീസർ(എലിക്കുളം സർക്കിൾ) | 18-12-2019 | 12-02-2020 |
| ശ്രീമതി.ഫെമി ഫ്രാൻസിസ് | വില്ലേജ് എക്സ് റ്റൻഷൻ ഓഫീസർ(എലിക്കുളം സർക്കിൾ) | 13-02-2020 | 31-03-2020 |
| ശ്രീ.അരുൺപിള്ള | വില്ലേജ് എക്സ് റ്റൻഷൻ ഓഫീസർ(ഇളങ്ങുളം സർക്കിൾ) | 01-04-2019 | 31-03-2020 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ഫണ്ട് വിനിയോഗം | 1-2 |
| 3 | പദ്ധതി അവലോകനം. | 1-3 |
| 4 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-4 |
| 5 | കാഷ് വെരിഫിക്കേഷൻ | 1-5 |
| 6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-6 |
| 7 | വാർഷികകണക്കുകളുടെ അവലോകനം | 1-7 |
| 8 | വസ്തുനികുതി നിർണ്ണയത്തിൽ റോഡിന്റെ വീതിക്ക് ബാധകമായ വർദ്ധനവ് നൽകിയില്ല | 1-8 |
| 9 | വസ്തുനികുതി-നിർണ്ണയത്തിലെയും അടിസ്ഥാന വിവരങ്ങളിലെയും അപാകതകൾ | 1-9 |
| 10 | തൊഴിൽനികുതി അസസ്മെന്റ്/ ഡിമാന്റ് നടപടികളിൽ അപാകത | 1-10 |
| 11 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ആവശ്യമായ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-11 |
| 12 | വാടക കുടിശിക ഈടാക്കിയിട്ടില്ല | 1-12 |
| 13 | കെട്ടിട നിർമ്മാണാനുമതി ലംഘിച്ചുകൊണ്ടുള്ള അധിക നിർമ്മാണം - ക്രമവത്കരണ ഫീസ് ഈടാക്കിയില്ല | 1-13 |
| 14 | ടെണ്ടർ ഫീ തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. | 1-14 |
| 15 | വർക്ക് ബില്ലിൽനിന്നുള്ള റിക്കവറികൾ- നിശ്ചിത കണക്ക് ശീർഷകത്തിൽ അടവാക്കിയില്ല. | 1-15 |
| 16 | ജി.എസ്.റ്റി ഒടുക്ക് വിവരം ലഭ്യമല്ല. | 1-16 |
| 17 | പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം- സാങ്കേതിക നടപടികളിൽ അപാകത | 1-17 |
| 18 | പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച 4433837/-രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു | 1-18 |
| 19 | കന്നുകുട്ടി പരിപാലന പദ്ധതി- അപാകതകൾ | 1-19 |
| 20 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹിച്ച പ്രോജക്ടുകൾ- നിർവഹണത്തിലെ അപാകതകൾ | 1-20 |
| 21 | കിണർ റീചാർജിംഗ് സർക്കാർ നിശ്ചയിച്ച സബ്സിഡി മാർഗ്ഗരേഖയിൽ പരിമിതപ്പെടുത്താതെ തുക അനുവദിച്ചിരിക്കുന്നു | 1-21 |
| 22 | നിലവിൽ പ്രവർത്തനമില്ലാത്ത ലൈബ്രറിയ്ക്ക് പുസ്തകം വാങ്ങി നൽകുന്നതിന് പദ്ധതി വിഹിതത്തിൽ നിന്നും തുക ചെലവഴിച്ചിരിക്കുന്നു | 1-22 |
| 23 | ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നുവാങ്ങൽ- മരുന്നുകൾ ലഭിച്ചിട്ടില്ല. | 1-23 |
| 24 | സമ്പൂർണ്ണ ജൈവഗ്രാമം- ഗ്രോബാഗ് വിതരണം- അപാകതകൾ | 1-24 |
| | **ഭാഗം 2** | |
| 1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | 2-1 |
| | **ഭാഗം 3** | |
| 1 | ചെലവ്- വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2019-2020 വർഷത്തെ ബജറ്റ് 2.03.2019ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകളും യഥാർഥ വരവ് -ചെലവ് കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 14302446 | 16888377 | (-)2585931 |
| വരവ് | 132227000 | 46546456 | (+)85680544 |
| ആകെ | 146529446 | 63434833 | (+)83094613 |
| ചെലവ് | 144986000 | 49926888 | (+)95059112 |
| നീക്കിയിരിപ്പ് | 1543446 | 13507945 | (-)11964499 |

ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവ് ചെലവ് കണക്കുകളും യഥാർഥ കണക്കുകളും തമ്മിൽ വലിയ അന്തരം ഉള്ളതായി മേൽ പട്ടിക വ്യക്തമാക്കുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224 ൽ വ്യവസ്ഥ ചെയ്യിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി യാഥാർഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ഈ വിഷയത്തിൽ മതിയായ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം(%) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11671294 | 11671294 | 9997948* | 1673346* | 85.66* |
| വികസനഫണ്ട് എസ്.സി.പി. | 0 | 3587558 | 3587558 | 2640000* | 947558* | 73.59* |
| വികസനഫണ്ട് ടി.എസ്.പി. | 0 | 238000 | 238000 | 214000 | 24000 | 89.92 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7856000 | 7856000 | 3307934 | 4548066 | 42.11 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3599000 | 3599000 | 1587108 | 2011892 | 44.1 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 9315296 | 9315296 | 5362255 | 3953041 | 57.56 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 671 | 11075672 | 11076343 | 11075962 | 381 | |
| ബി ഫണ്ട് | 0 | 61200 | 61200 | 61200 | 0 | 100 |
| ജനറൽ പർപ്പസ് ഫണ്ട് | 10864553 | | 10864553 | | | |
| തനത് ഫണ്ട് | 6020945 | | 7594796 | | | തനത് ഫണ്ട് വരവ്-ചെലവ് തുകകൾ റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെ വിവിധ ഷെഡ്യൂളുകളുടെ അടിസ്ഥാനത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. വിഹിതങ്ങളിൽനിന്ന് യഥാക്രമം 514706/-രൂപ, 29412/-രൂപ വീതം കുറവുചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ കാഷായി തുക ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ്& പേമെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

## 1-3 പദ്ധതി അവലോകനം.

2019-20 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ച് 28.09.2018 തീയതിയിൽ യോഗം ചേർന്നു. പഞ്ചായത്ത് കമ്മറ്റിയുടെ 2(3)/28.09.2018 നമ്പർ തീരുമാനപ്രകാരം പുനസംഘടന അംഗീകരിച്ചു. 3.10.2018 ൽ യോഗം ചേർന്നിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിരൂപീകരണ ഗ്രാമസഭകൾ 2.11.2018 മുതൽ 12.11.2018 വരെയുള്ള തീയതികളിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. വികസനസെമിനാർ നടന്നത് 30.11.2018ലാണ്. വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭകൾ 21.2.2019 മുതൽ 26.02.2019 വരെ തീയതികളിലും ഊരുകൂട്ടം 17.10.2018 ലും യോഗം ചേർന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. 05.12.2018 ലെ 1(5)നമ്പർ

തീരുമാന പ്രകാരം ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു. ജില്ലാ ആസൂത്രണസമിതിയുടെ 20.03-20 ലെ 2707/18/DPC/ DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷികപദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 234 | 81543577 | 97 | 35507505 | 103 | 34 | 41.45 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 1914718 | 9 | 448858 |
| വെറ്റിനറി സർജൻ | 4 | 1445000 | 3 | 500000 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 1 | 625000 | 1 | 625000 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 420800 | 2 | 420800 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 50000 | 1 | 50000 |
| വി.ഇ.ഒ ഇളങ്ങുളം | 8 | 10685000 | 8 | 6915000 |
| വി.ഇ.ഒ കൂരാലി | 20 | 5106717 | 12 | 1770730 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 14 | 5560091 | 9 | 4870370 |
| സെക്രട്ടറി | 27 | 11968220 | 14 | 4160452 |
| അസിസ്റ്റന്റ് എൻജിനീയർ | 142 | 42443737 | 71 | 14840573 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 770000 | 1 | 650000 |
| അസിസ്റ്റന്റ് സെക്രട്ടറി | 4 | 554294 | 3 | 255722 |
| ആകെ | 234 | 81543577 | 134 | 35507505 |

. **<u>ലക്ഷ്യം കൈവരിച്ചില്ല.1.31 കോടിയിലധികം വരുന്ന സർക്കാർ ഗ്രാന്റ് തുക സഞ്ചിതനിധിയിലേയ്ക്ക് തിരിച്ചെടുത്തു.</u>**

**2019-20** വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റു തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 13157903/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 11671294 | 9997948 | 1673346 |
| വികസന ഫണ്ട് (എസ്.സി.പി) | 3587558 | 2640000 | 947558 |
| വികസന ഫണ്ട് (ടി.എസ്.പി) | 238000 | 214000 | 24000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 7856000 | 3307934 | 4548066 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 3599000 | 1587108 | 2011892 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 9315296 | 5362255 | 3953041 |
| ആകെ | | | 13157903 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 1 കോടി 31 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

. <u>നിക്ഷേപ പ്രവൃത്തികൾ മുൻ വർഷങ്ങളിലേതുൾപ്പെടെ 8 ലക്ഷത്തിലധികം രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.</u>

വാർഷിക കണക്ക് B18 പ്രകാരം ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിൽ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 823320/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 120726/- രൂപയുടെ പൂർത്തീകരണ വിവരവും, കുഴൽ കിണർ നിർമ്മാണത്തിനായി ഭൂഗർഭ ജലവകുപ്പിൽ നിക്ഷേപിച്ച 702594/- രൂപയുടെ വിനിയോഗ വിവരവുമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. മുൻ വർഷങ്ങളിൽ നിക്ഷേപിച്ച നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

**മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഒരാൾ മാത്രമേ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളൂ. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ പകൽവീടുകളിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി ഐ.സി.ഡി.എസ്.സൂപ്പർവൈസർ തൻവർഷം 1,8,9,12 വാർഡുകളിലെ പകൽവീടുകളിലേയ്ക്ക് ഫർണ്ണിച്ചർ വാങ്ങിനൽകിയിട്ടുണ്ട്. എന്നാൽ ഒന്നാം വാർഡിലെ പകൽവീടിന്റെ കെട്ടിടനിർമ്മാണം പൂർത്തിയാകുന്നതിനുമുമ്പ് SO151/20 നമ്പർ പ്രോജക്ട്പ്രകാരം നടപടികൾ സ്വീകരിച്ച് സ്പിൽ ഓവറായി 2019-2020 ൽ ഫർണ്ണിച്ചർ വാങ്ങുകയും തുക ചെലവഴിക്കുകയും ചെയ്തത്. കെട്ടിടനിർമ്മാണം നിലവിലും പൂർത്തിയാക്കിയിട്ടില്ല. 9-ാം വാർഡിലെ പകൽവീട്ടിലേയ്ക്ക് SO 130/2020 നമ്പർ പ്രോജക്ടുപ്രകാരം ഫർണ്ണിച്ചർ/ ടി.വി വാങ്ങിയിട്ടുണ്ടെങ്കിലും ടി പകൽവീടിന്റെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കുന്നതിന് ജില്ലാപഞ്ചായത്തും തുക ചെലവഴിച്ച് സാധനങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. മേൽ വസ്തുതകളിൽനിന്ന് തികച്ചും മുന്നൊരുക്കമോ മറ്റു സ്ഥാപനങ്ങളുമായി കൂടിയാലോചനയോ ഇല്ലാതെയാണ് പ്രോജക്ടുകൾ ആവിഷ്ക്കരിക്കുന്നതെന്ന് വ്യക്തമാണ്.

കൂടാതെ, 35/20 നമ്പർ പ്രോജക്ട് പ്രകാരം ടെൻഡർ ക്ഷണിച്ചതിൽ, അൽ മനാ ട്രേഡ് ലിങ്ക്സ്, പത്തനംതിട്ട, തമ്പുരാൻകാലായിൽ ഏജൻസീസ്, കോഴഞ്ചേരി എന്നീ സ്ഥാപനങ്ങളിൽനിന്നു മാത്രമാണ് ടെൻഡർ ലഭിച്ചിരുന്നത്. ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള പ്രസ്തുത സ്ഥാപനങ്ങളുടെ ടെൻഡർ മാത്രം പരിഗണിച്ച് കുറഞ്ഞ നിരക്കിൽ ക്വോട്ടുചെയ്ത അൽ മനാ ട്രേഡ് ലിങ്ക്സ്, പത്തനംതിട്ട എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയത് ക്രമപ്രകാരമല്ല. ഗ്രാമപഞ്ചായത്തിലെ പർച്ചേസ് കമ്മിറ്റിയുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന് ഇതിൽനിന്ന് മനസ്സിലാക്കാവുന്നതാണ്.

## 1-4 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗ്രാമ പഞ്ചായത്തിന്റെ ആസ്തികൾ മൂല്യനിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.
2) വസ്തുനികുതി വിവിധ ശീർഷങ്ങളിലുള്ള കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുകൾ പ്രകാരമുള്ളത് സഞ്ചയ ഡി.സി.ബി പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3) പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.
4) ബജറ്റ് തയ്യാറാക്കുന്നതിൽ പഞ്ചായത്ത് രാജ് നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്നില്ല.
5) പഞ്ചായത്ത് ഓഫീസ് താൽക്കാലികമായി ബാങ്ക് കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ ഫ്രണ്ട് ഓഫീസിന് ആവശ്യമായ അടച്ചുറപ്പ് ഒരുക്കിയിട്ടില്ല.
6) കെട്ടിടങ്ങളെ അവയുടെ വിനിയോഗത്തിന് അനുസൃതമായി നികുതി നിർണ്ണയിക്കുന്നില്ല.

## 1-5 കാഷ് വെരിഫിക്കേഷൻ

എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.07.2020 3:10 പി.എം.ന് പഞ്ചായത്ത് സെക്രട്ടറി ശ്രീ. ജോസഫ് പി. റ്റി.-യുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 4273/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കുറവ് ബോധ്യപ്പെട്ടു.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.12.2019 | 11/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.04.2016 | 2012-2013 മുതൽ 2015-2016 വരെ | No LBA(HQ)II/ 8A-2459/12/ തീയതി 05.07.2016 |

## 1-7 വാർഷികകണക്കുകളുടെ അവലോകനം

ഓഡിറ്റ് വേളയിൽ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് വാർഷികകണക്കുകളിലെ ഏതാനും അപാകതകൾ നിലവിൽ പരിഹരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26/07/2011-ലെ ജി.ഒ.(എം.എസ്)152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും പൂർത്തിയായിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല.
2. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ (KL-34B-774 Bolero) ആസ്തിമൂല്യം നിശ്ചിത സാംഖ്യ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.
3. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യത്തിന്റെ (Land) അക്കൗണ്ടിങ്ങ് 31.03.2019 വരെ ആരംഭിച്ചിട്ടില്ല.
4. വസ്തുനികുതി വിവിധ ശീർഷകങ്ങളിലുള്ള കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുകൾ പ്രകാരമുള്ളത് സഞ്ചയ ഡി.സി.ബി. പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
5. തൊഴിലുറപ്പ് പദ്ധതിയുടെ (MGNREGS) ഭരണ ചെലവുകൾക്കായി 18-19 തനത് ഫണ്ടിൽ നിന്നും നൽകിയത് 19-20 ൽ റീകൂപ്പ് ചെയ്തത്. (സാംഖ്യ ശീർഷകം-251300801) റസീറ്റ് & പേയ്മെന്റ് പത്രികയിലെ RP-16 ഷെഡ്യൂളിൽ പ്രതിഫലിച്ചിട്ടില്ല.

## 1-8 വസ്തുനികുതി നിർണ്ണയത്തിൽ റോഡിന്റെ വീതിക്ക് ബാധകമായ വർദ്ധനവ് നൽകിയില്ല

ശ്രീ.രാജേഷ് ജി നായർ & ഷീനാമോൾ, നെല്ലാലയിൽ എന്നയാൾ പെർമിറ്റ് നം.എ2-800/17തീയതി 27/2/17 പ്രകാരം കൂരാലി-തമ്പലക്കാട് റോഡിന് അഭിമുഖമായി നിർമ്മിച്ച 9/193 C നമ്പർ കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിൽ 5 മീറ്ററിൽ കൂടുതലുള്ള റോഡിന് ബാധകമായ 20% വർദ്ധനവ് വരുത്തിയിട്ടില്ല. “5 മീറ്ററിൽ കൂടുതൽ റോഡിന് ബാധകമായ 20% വർദ്ധനവ് വരുത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതാണ്" എന്ന് ഇത് സംബന്ധിച്ച ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.9 തീയതി:16.7.2020) മറുപടി നൽകിയിട്ടുണ്ട്. റോഡിന്റെ വീതിക്ക് ബാധകമായ വർദ്ധനവ് നൽകാത്തതിന് ഒരുദാഹരണം മാത്രമാണ് പരാമർശിച്ചിട്ടുള്ളത്. ഇത്തരത്തിൽ നികുതി നിർണ്ണയത്തിൽ കുറവ് വന്നിട്ടുള്ള മറ്റ് കെട്ടിടങ്ങളും പരിശോധന വിധേയമാക്കേണ്ടതും നികുതി പുനർനിർണ്ണയിച്ച് അറിയിക്കേണ്ടതുമാണ്.

## 1-9 വസ്തുനികുതി-നിർണ്ണയത്തിലെയും അടിസ്ഥാന വിവരങ്ങളിലെയും അപാകതകൾ

**1)**"സഞ്ചയ"യിലെ അടിസ്ഥാന വിവരങ്ങളിൽ കൃത്യതയില്ല

**I)** ഗ്രാമ പഞ്ചായത്തിലെ വിവിധ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ "സഞ്ചയ"യിൽ പരിശോധിച്ചതിൽ പല സംഗതികളിലും വഴി സൗകര്യത്തിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയതിൽ കൃത്യതയില്ല എന്ന് കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം | കെട്ടിടം സ്ഥിതി ചെയ്യുന്ന/ സമീപത്തുള്ള റോഡ് | സഞ്ചയ പ്രകാരം റോഡിന്റെ തരം |
|---|---|---|
| 10/368 | പി.പി.റോഡ് | 1.5 മീറ്ററിൽ കൂടുതൽ |
| 10/368 A | പി.പി.റോഡ് | 5 മീറ്ററിൽ കൂടുതൽ |
| 2/134 | കൂരാലി തമ്പലക്കാട് റോഡ് | 1.5 മീറ്ററിൽ കൂടുതൽ |
| 9/213 | കൂരാലി തമ്പലക്കാട് റോഡ് | 5 മീറ്ററിൽ കൂടുതൽ |
| 1/506 B | പൈക ചെങ്ങളം | 1.5 മീറ്ററിൽ കൂടുതൽ |
| 1/20 | പൈക ചെങ്ങളം | 5 മീറ്ററിൽ കൂടുതൽ |
| 6/44A | പാലാ കാഞ്ഞിരപ്പള്ളി റോഡ് | 1.5 മീറ്ററിൽ കൂടുതൽ |
| 12/396 G,I | പി.പി.റോഡ് ഇളമ്പള്ളി റോഡ് | 1.5 മീറ്ററിൽ കൂടുതൽ |
| 12/396K | അമ്പലംപടി ഇളമ്പള്ളി റോഡ് | 5 മീറ്ററിൽ കൂടുതൽ |
| 16/324A | താഷ്ക്കന്റ് ജീരകത്ത്പടി റോഡ് | 1.5 മീറ്ററിൽ കുറവ് |
| 16/324B | പ്രൈവറ്റ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ |

**Ii)** മേഖലകളുടെ കാര്യത്തിലും ഇത്തരത്തിൽ കൃത്യത പുലർത്തിയതായി കാണുന്നില്ല. ഒരേ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ തന്നെ വ്യത്യസ്ത മേഖലകളിൽ ഉൾപ്പെട്ട് കാണുന്നു. ഉദാഹരണത്തിന് , ഗ്ലെൻ റോക്ക് എന്ന സ്ഥാപനത്തിന്റേതായ 2/561B,2/561C,2/561 D എന്നീ കെട്ടിടങ്ങൾ ദ്വിതീയ മേഖലയിലും 2/556,2/557,2/558,2/563 ,2/563 എന്നീ നമ്പർ കെട്ടിടങ്ങൾ തൃതീയ മേഖലയിലുമാണ് ഉൾപ്പെടുന്നത്. അതുപോലെ, ശ്രീ.എം.ജി.ഗോപകുമാർ,മുക്കിലിക്കാട്ടിന്റെ ഉടമസ്ഥതയിലുള്ള 16/324എ നം.കെട്ടിടം ത്രിതീയ മേഖലയിലും 16/324ബി നം.കെട്ടിടം ദ്വിതീയ മേഖലയിലും ഉൾപ്പെടുത്തിയിരിക്കുന്നു. പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ അതിരിൽ നിന്നും ഇരുവശങ്ങളിലേയ്ക്കും 350 മീറ്ററിനുള്ളിൽ വരുന്ന പ്രദേശങ്ങൾ പ്രാഥമിക മേഖലയിലും പി.ഡബ്ല്യൂ.ഡി.റോഡുകളുടെ അതിരിൽ നിന്നും ഇരുവശങ്ങളിലേയ്ക്കും 250 മീറ്ററിനുള്ളിൽ വരുന്ന പ്രദേശങ്ങൾ ദ്വിതീയ മേഖലയിലും മേൽപ്പറഞ്ഞ രണ്ടു മേഖലകളിലും ഉൾപ്പെടാത്ത പ്രദേശങ്ങൾ തൃതീയ മേഖലയിലും ഉൾപ്പെടുന്നതായാണ് വിജ്ഞാപനം ചെയ്തിട്ടുള്ളതെങ്കിലും ആയത് പാലിയ്ക്കപ്പെട്ടിട്ടില്ല.

2011 ലെ കേ.പ.രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളും 2013 ലെ കേ.പ.രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ഭേദഗതിചട്ടങ്ങളും അനുശാസിക്കുന്ന എല്ലാ വിവരങ്ങളും ശരിയായി ഉൾപ്പെടുത്തിയാൽ മാത്രമേ "സഞ്ചയ" വസ്തുനികുതി കൃത്യമായി നിർണ്ണയിക്കുകയുള്ളൂ എന്നിരിക്കെ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്താത്തത് മൂലം അനർഹമായ

ഇളവുകൾക്ക് / നികുതി നിർണ്ണയത്തിൽ കുറവ് വരുവാനുള്ള സാധ്യതയുണ്ടായിട്ടുണ്ട്. ഫീൽഡ് സന്ദർശനത്തിൽ പൂർണ്ണമായ വിവരങ്ങൾ ശേഖരിക്കാത്തതാണോ അതോ ഡാറ്റാ എൻട്രിയിലെ പിഴവ് മൂലമാണോ അതുമല്ലെങ്കിൽ 2011 ലെ വസ്തുനികുതി ചട്ടങ്ങളിലെ ചട്ടം 8 അനുശാസിക്കും പ്രകാരം റോഡുകളെയും നടപ്പാതകളെയും തരം തിരിച്ച് പരസ്യപ്പെടുത്തിയിട്ടുള്ളതിൻ പ്രകാരമുള്ള വിവരങ്ങൾ "സഞ്ചയ റോഡ് മാസ്റ്ററി"ൽ സെറ്റ് ചെയ്യാത്തത് മൂലമാണോ ഇപ്രകാരം സംഭവിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല.നികുതി നിർണ്ണയത്തിൽ റോഡിന്റെ വീതിയുടെ അടിസ്ഥാനത്തിലും മേഖലയുടെ അടിസ്ഥാനത്തിലും വന്ന അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് ഇത് സംബന്ധിച്ച ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.10 തീയതി:16.7.2020) മറുപടി ലഭിച്ചിട്ടുണ്ട്. നടപടികൾ സ്വീകരിച്ച് വസ്തു നികുതി നിർണ്ണയത്തിലുണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2)ശരിയായ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ചില്ല

I) എലിക്കുളം സർവ്വീസ് സഹകരണ ബാങ്കുൾപ്പെടെ വിവിധ ബാങ്ക് കെട്ടിടങ്ങളെ ബങ്കുകൾ,പെട്ടിക്കടകൾ,കമ്പ്യൂട്ടർ സെന്ററുകൾ,ഫ്യുവൽ സ്റ്റേഷൻ എന്ന ഗണത്തിൽപ്പെടുത്തി തെറ്റായി നികുതി നിർണ്ണയിച്ചത് സംബന്ധിച്ച് മുൻവർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-1-1 ൽ പരാമർശിച്ചിരുന്നു. അതുപോലെ, ആരാധനാലയങ്ങളോടനുബന്ധിച്ചുള്ള അസംബ്ലികെട്ടിടം,കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്ല്യാണമണ്ഡപങ്ങൾ എന്ന വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയം സംബന്ധിച്ച് മുൻവർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-1-2 ൽ പരാമർശിച്ചിരുന്നുവെങ്കിലും യാതൊരുവിധ പരിഹാര നടപടികളും സ്വീകരിച്ചതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിൽ ആരാധനാലയങ്ങളുടെ ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള 83 കെട്ടിടങ്ങളുണ്ടെങ്കിലും അസംബ്ലി കെട്ടിടം,കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്ല്യാണമണ്ഡപങ്ങൾ എന്ന വിഭാഗത്തിൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ളത് 4 കെട്ടിടങ്ങൾ മാത്രമാണ്. ട്രസ്റ്റി,സെന്റ് മേരീസ് ചർച്ച് ഇളങ്ങുളത്തിന്റെ ഉടമസ്ഥതയിലുള്ളതും യഥാക്രമം 487.89 ച.മീ,466.16 ച.മീ തറവിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങൾ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വിഭാഗത്തിൽ ഉൾപ്പെട്ടു കാണുന്നു. ആരാധനാലയങ്ങളുടെ വിഭാഗത്തിൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങളും പ്രസ്തുത ഉപയോഗക്രമത്തിൽ വരുന്നതാണോ എന്നത് പരിശോധിക്കപ്പെടേണ്ടതുണ്ട്. ഉദാഹരണത്തിന് 4/155 നമ്പർ കെട്ടിടം ഇൻഫന്റ് ജീസസ് ചർച്ച്,പാരിഷ് ഹാൾ (ഓഫീസ്) എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് കൂടാതെ 4/156, 4/157, 4/158, 4/169 എന്നീ കെട്ടിടങ്ങളും ആരാധനാലയങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളവയാണ്. മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങൾ പരിശോധിച്ച് ഉപയോഗക്രമത്തിനനുസരിച്ച് നികുതി നിർണ്ണയിച്ച് അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് ഇത് സംബന്ധിച്ച ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.10 തീയതി:16.7.2020) മറുപടി ലഭിച്ചിട്ടുണ്ട്.

Ii) വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കലുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾ വ്യവസായാവശ്യത്തിനുള്ളവ-കൈത്തറിഷെഡ്, കയർപിരി ഷെഡ് എന്ന ഗണത്തിൽ സ്റ്റോറേജ് ഷെഡ് ആയി നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ളവയാണെന്ന് കാണുന്നു.

| രജി. ക്രമ നം | കെട്ടിട നം | സ്ഥാപന ഉടമയുടെ പേര് | യഥാർത്ഥ ഉപയോഗം |
|---|---|---|---|
| 5 | 2/134 | എബി അബ്രഹാം, പസഫിക് അഗ്രോ ടെക് പ്രൈ.ലി | NPK വളങ്ങൾ മിക്സിംഗും സംഭരണവും വില്പനയും |
| 11 | I/506 B | ജോബിൻ കെ തോമസ്, കരിപ്പാപറമ്പിൽ | നെല്ലിക്കാ ജ്യൂസ്,ത്രിഫല ഉല്പന്ന വില്പന |
| 79 | 5/39 C | അനിൽകുമാർ പി,ഇരുപത്തിയേഴ് ചിറ | വെൽഡിംഗ് വർക്ക്ഷ് |
| 96 | XI/231 A | സണ്ണി മാത്യു,നീണ്ടൂർ | ചെരുപ്പുകൾ,ബാഗുകൾ വില്പന |
| 97 | XI/231 | സാലമ്മ സണ്ണി, നീണ്ടൂർ | ചെരുപ്പുകൾ,ബാഗുകൾ വില്പന |
| 105 | 16/324 A | ധന്യ എ.എസ്, മുക്കിലിക്കാട്ട് | പ്രൈമർ,പുട്ടി, എമൽഷൻ വില്പന |
| 213 | 9/521 | അംജിത് സലിം, പുതുപ്പറമ്പിൽ | ഗ്രാനൈറ്റ് സംഭരണവും വില്പനയും |

വ്യാവസായികാവശ്യത്തിനുള്ള ഷെഡുകളായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളിൽ വ്യാപാര/ സംഭരണ ശാലകൾ പ്രവർത്തിക്കുന്നത് പരിശോധിച്ച് വിനിയോഗഗണത്തിന് അനുസൃതമായി നികുതി നിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി വ്യക്തമാക്കിയിട്ടുണ്ട്. വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളും അതുപോലെ അസംബ്ലികെട്ടിടം, ആഡിറ്റോറിയം വിഭാഗത്തിൽപെടുന്ന കെട്ടിടങ്ങളും താരതമ്യേന നികുതിനിരക്കു കുറഞ്ഞ കൈത്തറി ഷെഡ്, കയർ പിരി ഷെഡ് വിഭാഗത്തിലും നികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള ആരാധനാലയങ്ങളുടെ വിഭാഗത്തിലും ഉൾപ്പെടുന്നതുമൂലം അടിസ്ഥാന നികുതി ഏറ്റവും താഴ്ന്ന നിരക്കിൽ നിശ്ചയിച്ചിട്ടുള്ളത് ഗ്രാമ പഞ്ചായത്തിന് വീണ്ടും ഗണ്യമായ നികുതി നഷ്ടം ഉണ്ടാക്കുന്നുണ്ട്. ഈ

സാഹചര്യത്തിൽ കൃത്യമായ ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ ശരിയായ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ അവയുടെ വസ്തു നികുതി പുനർനിർണയിക്കുന്നതിനും ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

Iii) 100 ച.മീറ്ററിലധികം തറ വിസ്തീർണ്ണമുള്ള താഴെ ചേർത്തിട്ടുള്ള കെട്ടിടങ്ങൾക്ക് 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ,റെസ്റ്റോറന്റുകൾ,ഷോപ്പുകൾ,ഗോഡൗൺ എന്ന വിഭാഗത്തിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്.

കെട്ടിട നം.13/335 എ)

കെട്ടിട ഉടമ- എത്സമ്മ കുര്യാക്കോസ്, ഇരുപ്പക്കാട്ട്

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം- 127.15 ച.മീ

<u>നിലവിലെ വസ്തു നികുതി നിർണ്ണയ വിവരങ്ങൾ</u>

അടിസ്ഥാന വസ്തു നികുതി നിരക്ക് : 30/-

കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി: 3814.5 (127.15x30)

ആകെ ഇളവ് 20% : 762.9

കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി : 3052/- (3814.5-762.9)

<u>നിർണ്ണയിക്കേണ്ടിയിരുന്ന വസ്തു നികുതി</u>

അടിസ്ഥാന വസ്തു നികുതി നിരക്ക് :50/-

കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി: 6357.50 (127.15x50)

ആകെ ഇളവ് 20% : 1271.5

കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി : 5086

വസ്തു നികുതി നിർണ്ണയത്തിലെ കുറവ്- 2034/- (5086-3052)

കെട്ടിട നം.10/351

കെട്ടിട ഉടമ- സി.പി സുകുമാരൻ, പിണമുറുകിൽ

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം- 124 ച.മീ

<u>നിലവിലെ വസ്തു നികുതി നിർണ്ണയ വിവരങ്ങൾ</u>

അടിസ്ഥാന വസ്തു നികുതി നിരക്ക് : 30/-

കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി: 3720

ആകെ വർദ്ധനവ് 20% : 744

കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി : 4464

<u>നിർണ്ണയിക്കേണ്ടിയിരുന്ന വസ്തു നികുതി</u>

അടിസ്ഥാന വസ്തു നികുതി നിരക്ക് :50/-

കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി: 6200

ആകെ വർദ്ധനവ് 20% : 1240

കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി : 7440

നികുതി നിർണ്ണയത്തിലെ കുറവ്- 2976/- (7440-4464)

മേൽപ്പറഞ്ഞ കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതിൽ വന്നിട്ടുള്ള അപാകത ഓഡിറ്റ് എൻക്വയറിയിലൂടെ ശ്രദ്ധയിൽപെടുത്തിയതിൽ നികുതി പുനർനിർണ്ണയിച്ച് കുറവ് വന്ന തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്. വസ്തു നികുതി മേൽ പറഞ്ഞ പ്രകാരം പുനർ നിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

Iv) മൈക്രോ സ്മോൾ & മീഡിയം എന്റർപ്രൈസസ് ഡവലപ്മെന്റ് ആക്ട് 2006 ന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യവസായ സ്ഥാപനങ്ങളുടെ വിഭാഗത്തിൽ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള 41 കെട്ടിടങ്ങൾ ഗ്രാമ പഞ്ചായത്തിലുണ്ട്. പ്രസ്തുത കെട്ടിടങ്ങളെ ടി ഗണത്തിൽ ഉൾപ്പെടുത്തുന്നതിന് ആധാരമായ രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റന്വേഷണക്കുറിപ്പിലൂടെ (10/16-07-2020) ആവശ്യപ്പെട്ടിരുന്നു. രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കുന്നതാണ് എന്നും അർഹതയില്ലാതെ ആരെങ്കിലും നികുതിയിളവ് നേടിയിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് നികുതി പുനർനിർണ്ണയിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## <u>1-10 തൊഴിൽനികുതി അസസ്മെന്റ്/ ഡിമാന്റ് നടപടികളിൽ അപാകത</u>

ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിൽനിന്ന് തൊഴിൽനികുതി കൃത്യമായി അസസ് ചെയ്ത് ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ, സ്വകാര്യപണമിടപാടു സ്ഥാപനങ്ങൾ, അക്ഷയകേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽനിന്ന് തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല.

ഉദാ:- കാച്ചപ്പള്ളിൽ ഫിനാൻസിയേഴ്സ്, അക്ഷയ ഫിനാൻസ്, പുതുപ്പള്ളിൽ ഫിനാൻസ്, ടെസ ഫിനാൻസിയേഴ്സ്, കൈരളി ഫിനാൻസിയേഴ്സ്, അക്ഷയ കേന്ദ്രം പൈക

. സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ള ഒന്നിലധികം കള്ളുഷാപ്പുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും സ്ഥാപന തൊഴിൽനികുതിയിനത്തിൽ എല്ലാ സ്ഥാപനങ്ങളിൽനിന്നുമായി ആകെ 1250/- രൂപ മാത്രമേ ഈടാക്കിയിട്ടുള്ളൂ.

| കള്ളുഷാപ്പ്- (ടി.എസ് നമ്പർ) | ഒന്നാം അർദ്ധവർഷം ഒടുക്കിയ | രസീത് നമ്പർ/ തീയതി |
|---|---|---|
| | | |

| | | |
|---|---|---|
| | തൊഴിൽനികുതി | |
| 6,7,8,9 | 1250 | 119110103995/3.11.2019 |
| 10,11,12,13,14 | 1250 | 119110103996/5.11.2019 |

. 'ടി.എസ് നമ്പർ 3, 'ടി.എസ് നമ്പർ 4 എന്നീ കള്ളുഷാപ്പുകളിലെ ജീവനക്കാർ 19-20 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. എന്നാൽ അരിയർ ഡിമാന്റ് രജിസ്റ്ററിൽ കുടിശ്ശികയുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

. എലിക്കുളം, ഇളങ്ങുളം സർവീസ് സഹകരണബാങ്കുകളുടെ വിവിധ ബ്രാഞ്ചുകളുടെ രണ്ടാം അർദ്ധവർഷത്തെ സ്ഥാപന തൊഴിൽനികുതി തൻവർഷം ഒടുക്കിയിരുന്നില്ലെങ്കിലും അരിയർ ഡിമാൻഡ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച വിശദീകരണം ഓഡിറ്റിൽ ഹാജരാക്കുന്നതിന് 8/16.7.2020 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിന് സ്വകാര്യപണമിടപാട് സ്ഥാപനങ്ങൾ ലൈസൻസ് പരിധിയിൽ വരാത്തതിനാലാണ് തൊഴിൽനികുതി ഈടാക്കുന്ന വിഷയം ശ്രദ്ധയിൽപ്പെടാതിരുന്നതെന്നും റേഷൻകടകൾ സ്വകാര്യപണമിടപാട് സ്ഥാപനങ്ങൾ, അക്ഷയ കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽനിന്ന് തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ള എല്ലാ കള്ളുഷാപ്പുകൾക്കും 2020-2021 വർഷം മുതൽ പ്രത്യേകം സ്ഥാപനനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി.എസ് നമ്പർ 3,4 എന്നീ ഷാപ്പുകളുടെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതി ഒടുക്കിയിട്ടുള്ളതാണെന്നും എന്നാൽ രണ്ടാം അർദ്ധവർഷത്തെ അവസാനഘട്ടത്തിൽ കോവിഡ് 19 – മഹാമാരിയുമായി ബന്ധപ്പെട്ട് ലോക്ക്ഡൗൺ നടപ്പാക്കിയ സാഹചര്യത്തിൽ മറ്റുസ്ഥാപനങ്ങളെപ്പോലെ ഷാപ്പുകളും പ്രവർത്തനരഹിതമായതിനാൽ ടി സമയത്ത് നോട്ടീസ് നൽകി തുക ഈടാക്കുന്നതിന് കഴിഞ്ഞിരുന്നില്ലെന്നും അറിയിച്ചിട്ടുണ്ട്.
എലിക്കുളം, ഇളങ്ങുളം സർവീസ് സഹകരണബാങ്കുകളുടെ രണ്ടാം അർദ്ധവർഷത്തെ സ്ഥാപനതൊഴിൽനികുതി ഒടുക്കിയിരുന്നത് അരിയർ ഡിമാൻഡ് രജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോയതാണെന്ന് മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു.
ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽനിന്നും സ്ഥാപന/ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതും ബന്ധപ്പെട്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതുമാണ്.

## 1-11 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ആവശ്യമായ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ വിവിധ വാണിജ്യ/വ്യവസായ, അനുബന്ധ ആവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട 1165 ൽ പരം കെട്ടിടങ്ങളുണ്ടെങ്കിലും വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് എടുത്തിട്ടുള്ളത് 298 സ്ഥാപനങ്ങൾ മാത്രമാണ് എന്ന് മുൻ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-2-2 ൽ പരാമർശിച്ചിരുന്നു. എന്നാൽ, ഇത് സംബന്ധിച്ചോ എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് നിർബന്ധിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ചോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ പഞ്ചായത്ത് ജനറൽ കമ്മിറ്റിയിലോ ഒരിക്കൽപോലും ചർച്ച ചെയ്തതായി കാണുന്നില്ല. മാത്രമല്ല, 2019-20 ൽ വാണിജ്യ/വ്യവസായ കെട്ടിടങ്ങളുടെ എണ്ണം 1258 ആയി വർദ്ധിച്ചിട്ടുണ്ടെങ്കിലും ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം 265 ആയി കുറയുകയാണുണ്ടായിട്ടുള്ളത്. "ലൈസൻസെടുക്കാത്ത സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തി ലൈസൻസ് അനുവദിക്കാവുന്ന സ്ഥാപനങ്ങൾക്ക് എല്ലാം ലൈസൻസ് നൽകി വന്നിരുന്നത് സാമ്പത്തിക വർഷാവസാനത്തെ മാസത്തിലാണ് എന്നും എന്നാൽ ,കോവിഡ് 19 മഹാമാരി മൂലം ഇത് സാധിക്കാതെ വന്നു" എന്നും ഇത് സംബന്ധിച്ച ഓഡിറ്റന്വേഷണക്കുറിപ്പിന് (നം. 2 തീയതി 14.7.2020) മറുപടി നൽകിയിട്ടുണ്ട്. എന്നാൽ, നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ 2019-20 വർഷത്തേയ്ക്കുള്ള ലൈസൻസ് പുതുക്കൽ നടപടികൾ സാമ്പത്തിക വർഷാരംഭത്തിന് മുൻപുതന്നെ സ്വീകരിക്കേണ്ടിയിരുന്നു. 1996 ലെ കേ.പ.രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ ചട്ടം 10 നിഷ്ക്കർഷിക്കുന്നത് അപ്രകാരമാണ്. "വാണിജ്യ വിഭാഗത്തിലെ കാലപ്പഴക്കമുള്ള ഏതാനും കെട്ടിടങ്ങളിലും പുതുതായി നിർമ്മിച്ച വാണിജ്യ വിഭാഗത്തിൽപ്പെട്ട മുഴുവൻ കെട്ടിടങ്ങളിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലാത്തതാണ്" എന്ന മറുപടി അംഗീകരിച്ചാൽ പോലും ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം സ്ഥാപനങ്ങളും ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത് എന്നത് വസ്തുതയാണ്.

ഗ്രാമ പഞ്ചായത്തിലെ എല്ലാ വാണിജ്യ/ വ്യവസായ/സേവന /ഇതര സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അതനുസരിച്ച് ഗ്രാമ പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളും പഞ്ചായത്തിൽ നിന്നുള്ള ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെയും ശ്രദ്ധ ഇക്കാര്യത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 1-12 വാടക കുടിശിക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷികകണക്ക് B15 ഷെഡ്യൂൾ പ്രകാരം വാടകയിനത്തിൽ 17,728/- രൂപ കുടിശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. 1.4.17 മുതൽ ഷോപ്പിംഗ് കോംപ്ലക്സിലെ 1/160-ാം നമ്പർ മുറി ലേലം കൊണ്ടിട്ടുള്ള ശ്രീമതി ഉഷ ബാബു, നടപ്പുറകിൽ മല്ലികശ്ശേരി എന്ന വ്യക്തി 2018 ജൂൺ വരെ മുറി ഉപയോഗിച്ചിട്ടുള്ളതുമാണ്. ടിയാൾ 15 മാസത്തെ വാടക അടവാക്കാനുണ്ട്. നിലവിൽ ടി കടമുറി ഷേർളി സാജൻ 1800/-രൂപ പ്രതിമാസ വാടകയ്ക്ക് 2018 സെപ്റ്റംബർ മാസം മുതൽ ഉപയോഗിച്ചു വരുന്നു. 1.4.17 മുതൽ ടി കടമുറിയുടെ പ്രതിമാസ വാടകനിരക്ക് 1470/-രൂപയായിരുന്നു. ശ്രീമതി ഉഷ ബാബു പ്രസ്തുത മുറി 15 മാസക്കാലം ഉപയോഗിച്ചിട്ടുണ്ട്. ടി കാലയളവിലെ വാടകകുടിശികയായ 22050/-രൂപ പിഴ പലിശ സഹിതം ഈടാക്കാൻ 21.10.19ൽ കക്ഷിയ്ക്ക് നോട്ടീസ് നൽകിയിരുന്നു. എന്നാൽ നാളിതുവരെയും ടിയാൾ വാടക കുടിശിക അടവാക്കിയിട്ടില്ല. വാടക കുടിശിക പൂർണ്ണമായും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ വാടക കുടിശ്ശിക ഇനത്തിൽ വാർഷിക കണക്ക് പ്രകാരവും വാടക രജിസ്റ്റർ പ്രകാരവുമുള്ള തുകകളിലെ പൊരുത്തക്കേട് പരിഹരിക്കേണ്ടതുമാണ്.

## 1-13 കെട്ടിട നിർമ്മാണാനുമതി ലംഘിച്ചുകൊണ്ടുള്ള അധിക നിർമ്മാണം - ക്രമവത്കരണ ഫീസ് ഈടാക്കിയില്ല

ശ്രീ.അഭിലാഷ് ആർ, കിഴക്കേമുറിയിൽ, കൂരാലി എന്നയാൾക്ക് 299.23ച.മീ (റെസിഡൻഷ്യൽ 138.86 ച.മീ,കൊമേഴ്സ്യൽ 160.37 ച.മീ ) തറവിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിന് 12.12.2017 തീയതിയിലെ എ2-ബിഎ(80595)/2017 നമ്പർ പെർമിറ്റ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ, കംപ്ലീഷൻ പ്ലാൻ പ്രകാരം 362.31 ച.മീ തറവിസ്തീർണ്ണമുള്ള (റെസിഡൻഷ്യൽ 179.4 ച.മീ, കൊമേഴ്സ്യൽ 182.91 ച.മീ ) കെട്ടിടമാണ് ടിയാൻ നിർമ്മിച്ചിട്ടുള്ളത്. എന്നാൽ അനുമതിയിൽ നിന്ന് വ്യതിചലിച്ച് നടത്തിയ നിർമ്മാണ ക്രമവത്കരിക്കുന്നതിന് കെട്ടിട ഉടമ പഞ്ചായത്തിൽ അപേക്ഷ നൽകുകയോ, പ്രസ്തുത ചട്ടലംഘനത്തിനെതിരെ പഞ്ചായത്ത് തുടർ നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല. "അധിക നിർമ്മാണം ക്രമവത്കരിക്കുന്നതിനുള്ള രാജിയാക്കൽ ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9 തീയതി:16.7.2020) മറുപടി നൽകിയിട്ടുണ്ട്. കെട്ടിടത്തിന് ഒക്യുപൻസി/ നമ്പർ നൽകുന്ന അവസരത്തിൽ നിർമ്മാണം/ പെർമിറ്റ് അംഗീകൃത പ്ലാനിൽ നിന്ന് വ്യതിചലിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് കൃത്യമായ പരിശോധന നടത്തിയിട്ടില്ല. പെർമിറ്റ് ക്രമവത്കരണ ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ടെണ്ടർ ഫീ തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടർ വഴി നടപ്പാക്കുന്നവയുടെ ടെണ്ടർ ഫീ എൽ.എസ്.ജി.ഡി വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യപ്പെടുന്നത്. ടെണ്ടർ ഫീ ഇനത്തിലെ വരവ് ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ടതാണ്. ആയത് തിരികെ ലഭിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.എെ എലിക്കുളം ബ്രാഞ്ചിൽ കറന്റ് അക്കൗണ്ട് തുറന്നിട്ടുണ്ട്. അക്കൗണ്ട് നം. 37283480636) ജി.ഒ (എം.എസ്) 318/13/ തസ്വഭവ തീയതി 28.09.2013 ൽ നിർദ്ദേശിക്കും പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിന് അർഹമായ ടെണ്ടർ ഫീ തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-5 ൽ ഇത് സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ഈ ഇനത്തിൽ തുകയൊന്നും ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 വർക്ക് ബില്ലിൽനിന്നുള്ള റിക്കവറികൾ- നിശ്ചിത കണക്ക് ശീർഷകത്തിൽ അടവാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ മരാമത്തുപ്രവൃത്തികളുടെ വർക്ക് ബില്ലിൽനിന്ന് കുറവുചെയ്ത കാലിബാരലിന്റെ വില, ഫൈൻ എന്നീയിനത്തിൽ വൗച്ചർ നമ്പർ 21900283/5.7.2019 പ്രകാരം 81875/- രൂപ പിൻവലിച്ച് സർക്കാരിന്റെ സഞ്ചിതനിധിയിലേയ്ക്ക് ഒടുക്കിയിട്ടുണ്ട്. മരാമത്തുപ്രവൃത്തികളുടെ വർക്ക് ബില്ലിൽനിന്ന് കുറവുചെയ്ത കാലിബാരലിന്റെ വില ബിറ്റുമിൻ വാങ്ങുന്നതിന് ചെലവഴിച്ച ഫണ്ടിലേയ്ക്കും ഫൈൻ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേയ്ക്കുമാണ് ഒടുക്കേണ്ടിയിരിന്നത് എന്നിരിക്കെ ഇതു സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ടതിന് (6/15.7.2020 നമ്പർ ഓഡിറ്റ് എൻക്വയറി). ലഭ്യമാക്കിയ മറുപടിയിൽ ഫൈൻ ഇനത്തിൽ 3714/-രൂപ മാത്രമാണ് അധികമായി സർക്കാരിലേയ്ക്ക് ഒടുക്കിയതെന്നും ബാക്കി 78161/-രൂപ സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതായ കാലിബാരലിന്റെ വിലയാണെന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട്, സർക്കാരിന്റെ സഞ്ചിതനിധി എന്നീ ശീർഷകങ്ങളിൽ നിക്ഷേപിക്കേണ്ട തുകകൾ യഥാവിധി അക്കൗണ്ട് ചെയ്യാത്തത് മൂലമുള്ള നഷ്ടം ഒഴിവാക്കേണ്ടതാണ്. സർക്കാരിലേയ്ക്ക് തെറ്റായി ഒടുക്കിയ തുകയുടെ റവന്യൂ റീഫണ്ട് അനുവദിച്ച് കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ജി.എസ്.റ്റി ഒടുക്ക് വിവരം ലഭ്യമല്ല.

എലിക്കുളം ഗ്രാമ പഞ്ചായത്തിൽ 2019-20 വാർഷിക പദ്ധതിയിൽ അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ എം ബുക്ക് പ്രകാരമുള്ള വേലമൂല്യത്തോടുകൂടി 12% ജി.എസ്.റ്റി. കൂട്ടിയ തുകയാണ് പിൻവലിച്ചിട്ടുള്ളത്. ടി തുകയിൽ നിന്നും ആദായനികുതി, ക്ഷേമനിധിവിഹിതം എന്നിവ കിഴിവ് ചെയ്തതിനു ശേഷം കരാറുകാരന് തുക നൽകി. എന്നാൽ ടി കരാറുകാർ ജി.എസ്.റ്റി ഒടുക്കിയതിന്റെ വിവരങ്ങളോ റിട്ടേൺ ഫയൽ ചെയ്തതിന്റെ വിശദാംശങ്ങളോ ഫയലിൽ ചേർത്തിരുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം/പേര് | എം ബുക്ക് പ്രകാരമുള്ള വേലമൂല്യം | 12% ജി.എസ്.റ്റി | ബിൽ നം/ തീയതി | കരാറുകാരൻ | റിക്കവറികൾ |
|---|---|---|---|---|---|

| | | ഉൾപ്പടെ ചെലവ് | | | |
|---|---|---|---|---|---|
| 56/20 വള്ളോംപുരയിടം- കുന്നുംപുറം റോഡ് കോൺക്രീറ്റിംഗ് | 134713 | 150879 | 59/19-20/31.12.19 | ജോഷി സഖറിയാസ്, വട്ടക്കാവുങ്കൽ | IT- 1347<br>WWF- 1347 |
| 46/20 താഷ്ക്കന്റ്- ഞൊണ്ടമാക്കൽ റോഡ് കോൺക്രീറ്റിംഗ് | 156210 | 174955 | 40/19-20/ 13.11.19 | ജോയി എബ്രഹാം, കപ്പലുമാക്കൽ | IT- 1562<br>WWF- 1562 |
| 50/20 കാരക്കുളം പള്ളി- പുളിക്കച്ചിറ റോഡ് കോൺക്രീറ്റിംഗ് | 89211 | 99917 | 39/19-20/ 13.11.19 | ടോമി തോമസ്, കുന്നത്ത് പുരയിടം | IT- 892<br>WWF- 892 |
| 52/20 മുത്തോലി പൊതുകം റോഡ് കോൺക്രീറ്റിംഗ് | 133626 | 149661 | 57/19-20/ 27.12.19 | അൽഫോൻസ് ജോർജ്, കുരിശുംമൂട്ടിൽ | IT- 1336<br>WWF- 1336 |
| 57/20 പ്ലാത്തറക്കുഴി- പുത്തൻപുരയ്ക്കൽ റോഡ് കോൺക്രീറ്റിംഗ് | 133606 | 149639 | 37/19-20/ 13.11.19 | ടോമി തോമസ്, കുന്നത്ത് പുരയിടം | IT- 1336<br>WWF- 1336 |
| 67/20 ഇരുപ്പക്കാട്ടുപടി- പേഴുംതോട്ടം റോഡ് കോൺക്രീറ്റിംഗ് | 89210 | 99915 | 48/19-20/ 19.12.19 | ജിജോ മാത്യു, മണ്ണനാൽ | IT- 892<br>WWF- 892 |

ടി കരാറുകാർ ജി.എസ്.റ്റി. ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ശ്രീ ജോയി എബ്രഹാം, ശ്രീ ടോമി തോമസ്, ശ്രീ അൽഫോൻസ് ജോർജ്, ശ്രീ ജിജോ മാത്യു എന്നിവർ ജി.എസ്.റ്റി. ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കി. പ്രോജക്ട് നം 56/20, വള്ളോംപുരയിടം- കുന്നുംപുറം റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയുടെ കരാറുകാരൻ ശ്രീ ജോഷി സഖറിയാസ്, വട്ടക്കാവുങ്കൽ ജി.എസ്.റ്റി. ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നതാണ് എന്നും അറിയിച്ചു. ശ്രീ ജോഷി സഖറിയാസ് രേഖകൾ ഹാജരാക്കുന്നത് വരെ ജി.എസ്.റ്റി. ഒടുക്കുന്നതിന് അധികമായി അനുവദിച്ച 16166 രൂപയുടെ ചെലവ് ( 134713 ന്റെ 12% ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കാത്തപക്ഷം 16166 രൂപ ടിയാനിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കരാറുകാർക്ക് അനുവദിക്കുന്ന തുകയിൽ നികുതി വിഹിതം കൂടി ഉൾപ്പെടുന്ന സംഗതികളിൽ ഭാഗീകമായിപോലും തുക സ്രോതസിൽ ഈടാക്കാത്തപക്ഷം പ്രസ്തുത തുകയുടെ ഒടുക്ക് വിവരം ബോധ്യപ്പെടുത്താൻ ബന്ധപ്പെട്ട കരാറുകാർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

## 1-17 പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം- സാങ്കേതിക നടപടികളിൽ അപാകത

പ്രോജക്ട് നം. 264/20 (56/19 )

അടങ്കൽ- 15000000 രൂപ (തനത് ഫണ്ട്- 13147778 + വികസനഫണ്ട്- 1564302 + ധനകാര്യകമ്മീഷൻ ഗ്രാന്റ്- 287920 )

ചെലവ്- 3100223 രൂപ

| ഫണ്ടിനം | ചെലവ് | ബിൽ നം/ ചെക്ക് നം/ തീയതി |
|---|---|---|
| തനത് ഫണ്ട് | 2834231 | ചെക്ക് നം. 7166/ 30.12.19 |
| വികസനഫണ്ട് | 205000 | 61/19-20/ 9.1.20 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 60992 | 60/19-20/ 9.1.20 |

എലിക്കുളം ഗ്രാമ പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത് 2019-2020 ൽ തുടർന്ന് വരുന്നതായ ടി പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) എസ്റ്റിമേറ്റിലെ അപ്പന്റിക്സ് എ യിലെ 1-ാം ഇനം ആയി 13.75m3 പ്രബലിത കോൺക്രീറ്റ് പൊളിച്ചു മാറ്റിയിട്ടുണ്ട്. എന്നാൽ ഇതിൽ നിന്നും ലഭിച്ച കമ്പിയുടെ അളവ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

ഇനം 3 ആയി 31.9m2 റൂഫിംഗ് ഷീറ്റും ഇനം 4 ആയി 54kg സ്റ്റീൽ വർക്കും പൊളിച്ച് നീക്കിയിട്ടുണ്ട്. എന്നാൽ പൊളിച്ച് നീക്കിയ സാധനങ്ങളുടെ മൂല്യനിർണ്ണയം നടത്തി സർവ്വേറിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറിക്ക് കൈമാറിയിട്ടില്ല.

2) പ്രവൃത്തി നിർവ്വഹിക്കുന്നത് പുലരി ബിൽഡേഴ്സ് ആന്റ് ഡവലപ്പേഴ്സ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്, കൊട്ടിയൂർ എന്ന കമ്പനിയാണ്. പ്രവൃത്തിയുടെ ഒന്നാം പാർട്ട് ബില്ലിൽ നിന്നും ആദായ നികുതി കുറവ് ചെയ്തിരിക്കുന്നത് 1% ആണ്. ആദായനികുതി നിയമം വകുപ്പ് 194C പ്രകാരം, പ്രവൃത്തി നിർവ്വഹിച്ചത് വ്യക്തി/ അവിഭക്തഹിന്ദുകുടുംബം അല്ലാത്ത സംഗതികളിൽ ബില്ലിൽ നിന്നും ആദായനികുതി 2% ഈടാക്കേണ്ടതാണ്. പാർട്ട് ബിൽ നൽകിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| എം ബുക്ക് പ്രകാരമുള്ള വേലമൂല്യം | 3100223 |
| കുറയ്ക്കുക | |
| ആദായനികുതി | 31002 |
| ക്ഷേമനിധി | 31002 |
| SGST | 31002 |
| CGST | 31002 |
| റിട്ടെൻഷൻ | 77506 |
| കരാറുകാരന് നൽകിയ തുക | 2898709 |

അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ കുറവായി ഈടാക്കിയ ആദായനികുതി അടുത്ത ബില്ലിൽ നിന്നും കുറവ് ചെയ്യുന്നതാണെന്നും പൊളിച്ചു മാറ്റിയ സാധനങ്ങളുടെ മൂല്യനിർണ്ണയം നടത്തി സെക്രട്ടറിക്ക് കൈമാറുന്നതാണെന്നും അറിയിച്ചു. ആദായനികുതി കുറവായി ഈടാക്കിയതുമൂലം കരാറുകാരന് അധികം നൽകിയ 31002 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പൊളിച്ചു മാറ്റിയ സാധനങ്ങളുടെ മൂല്യനിർണ്ണയം നടത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച 4433837/-രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 31.3.2020 ലെ ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരം പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി വിവിധ സർക്കാർ ഏജൻസികളിൽ നിന്നു ലഭിച്ചതിൽ ആകെ 4433837/-രൂപ ചെലവഴിക്കുവാൻ അവശേഷിക്കുന്നു. പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന തുകകൾ സമയബന്ധിതമായി യഥാവിധി ചെലവഴിക്കേണ്ടതും വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകകൾ തിരികെ ബന്ധപ്പെട്ട സ്ഥാപനങ്ങളിലേയ്ക്ക് ഒടുക്കേണ്ടതുമാണ്. നിർദ്ദിഷ്ടവ്യവസ്ഥകൾ പാലിച്ച് യഥാസമയം പ്രോജക്ടുകൾ നിർവഹിക്കാതിരുന്നതിനാലാണ് മേൽപ്പറഞ്ഞപ്രകാരം തുകകൾ അവശേഷിക്കുന്നത്. ആയതിനാൽ നിശ്ചിതാവശ്യങ്ങൾക്കായി ലഭിച്ച ധനസഹായങ്ങൾ പ്രസ്തുത ഏജൻസികളുടെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ചെലവഴിക്കുന്നതിനും അല്ലാത്തപക്ഷം അവശേഷിക്കുന്ന തുക തിരികെ ഒടുക്കുന്നതിനും അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

**1.18 (എ)**

**ശബരിമല സ്പെഷ്യൽ ഗ്രാന്റ് തീർത്ഥാടകർക്ക് പ്രയോജനകരമാകും വിധം ഫണ്ട് വിനിയോഗിക്കുന്നില്ല.**

ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് തീർത്ഥാടകർക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങളും ശുചീകരണ പ്രവർത്തനങ്ങളും നടത്തുന്നതിനായി സർക്കാർ ഉത്തരവ് പ്രകാരം ലഭ്യമാകുന്ന ശബരിമല സെപ്ഷ്യൽ ഗ്രാന്റ് വിനിയോഗിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് അലംഭാവം കാണിക്കുന്നു. 2019-20 വർഷം ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് 500,000/-രൂപ ലഭിച്ചിട്ടുണ്ട്.തൻവർഷം ഇളങ്ങുളംഅയ്യപ്പസേവാസംഘത്തിന് പാചക ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി ഒരു പ്രോജക്ട് (162/20) മാത്രമാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. മുൻ വർഷങ്ങളിലും സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റ് തുക പൂർണ്ണമായും ഗ്രാമപഞ്ചായത്ത് വിനിയോഗിച്ചിട്ടില്ല.ശബരിമല സ്പെഷ്യൽ ഗ്രാന്റിന്റെ വരവ്-ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 737652 |
| വരവ് | 500000 |
| പലിശ വരവ് | 30512 |
| ആകെ | 1268164 |
| ചെലവ് | 35140 |
| നീക്കിയിരുപ്പ് | 1233024 |

ശബരിമല സ്പെഷ്യൽ ഗ്രാന്റ് സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് വിനിയോഗിച്ചതിനുശേഷം, തുക ലഭ്യമാക്കിയ അധികാര സ്ഥാപനത്തിന് ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

**1.18 (ബി)**

**ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ**

31.3.2020ലെ ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരം പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി വിവിധ സർക്കാർ ഏജൻസികളിൽ നിന്നു ലഭിച്ച തുകയിൽ (ശബരിമല സ്പെഷ്യൽ ഗ്രാന്റ് ഒഴികെ) ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ശീർഷകം | തുക |
|---|---|
| എെ സി ഡി എസ്- കേന്ദ്ര വിഹിതം | 184074 |
| ശുചിത്വമിഷൻ | 805888 |
| ബ്ലോക്ക്പഞ്ചായത്ത് | 348427 |
| | 263708 |
| ജില്ലാപഞ്ചായത്ത് | 98716 |
| RGPSA പദ്ധതിയിൽ കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചത് (2020-21 ൽ ഗ്രാമപഞ്ചായത്ത് കാര്യാലയം കെട്ടിട നിർമ്മാണത്തിന് വകയിരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.) | 1500000 |
| **ആകെ** | **3200813** |

## 1-19 കന്നുകുട്ടി പരിപാലന പദ്ധതി- അപാകതകൾ

പ്രോജക്ട് നം. 21/20

അടങ്കൽ- 1000000 രൂപ ( വികസന ഫണ്ട്- 250000 + സംസ്ഥാനാവിഷ്കൃത ഫണ്ട്- 250000+ ഗുണഭോക്തൃ വിഹിതം- 500000 )

ചെലവ്- 250000 രൂപ ( ബിൽ നം. 5/19-20/ 19.11.19)

നിർവ്വഹണോദ്യോഗസ്ഥൻ- വെറ്റിനറി സർജൻ.

എലിക്കുളം ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ നടപ്പാക്കിയതാണ് മേൽ പദ്ധതി. പദ്ധതി നടത്തിപ്പിനായി പഞ്ചായത്ത് വിഹിതം 250000 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിൽ താഴെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) പദ്ധതിയിൽ 40 കന്നുകുട്ടികളെ എന്റോൾ ചെയ്തെങ്കിലും 39 ഗുണഭോക്താക്കൾക്ക് മാത്രമാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്.

2) ശ്രീ ശ്രീജിത് വലിയമുണ്ടക്കൽ എന്ന ഗുണഭോക്താവ് 5/20, 6/20 മാസങ്ങളിലെയും ശ്രീ അഭിലാഷ് ഇ. ആർ, ഇടശ്ശേരിൽ എന്ന ഗുണഭോക്താവ് 3/20, 5/20, 6/20 എന്നീ മാസങ്ങളിലെയും കാലിത്തീറ്റ കൈപ്പറ്റിയതായി ഒപ്പ്

രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 39 ഗുണഭോക്താക്കൾക്കും എല്ലാ മാസവും തീറ്റ വിതരണം ചെയ്തതായാണ് കാണുന്നത്.

അപാകത സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1 )മറുപടി ലഭ്യമാക്കിയതിൽ ഒരു ഗുണഭോക്താവിന്റെ കന്നുകുട്ടി ചത്തു പോയതാണെന്നും ടിയാൾക്കുവേണ്ടി കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ഒടുക്കിയ തുകയിൽ ബാക്കിയുള്ള തുക തിരികെ സർക്കാരിലേക്ക് ഒടുക്കുന്നതാണ് എന്നും അറിയിച്ചു. മറ്റ് അപാകതകൾ പരിഹരിക്കുന്നതാണെന്നും അറിയിച്ചു. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹിച്ച പ്രോജക്ടുകൾ-നിർവഹണത്തിലെ അപാകതകൾ

**1) വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ് മുഖേന ഉപകരണവിതരണം**

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.272/20 |
| അടങ്കൽ | 52320 |
| ചെലവ് | 52320 |
| ചെക്ക് നമ്പർ/ തീയതി | 671091/27.3.2020 |

കെൽട്രോൺ മുഖേന മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വൃദ്ധജനങ്ങൾക്ക് ആവശ്യമായ കണ്ണട, ശ്രവണസഹായി, വാക്കിംഗ് സ്റ്റിക്ക് എന്നീ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് തയ്യാറാക്കിയതാണ് ടി പ്രോജക്ട്. ഇതുപ്രകാരം 2018-19 വർഷം മെഡിക്കൽ ക്യാമ്പ് നടത്തി ഉപകരണങ്ങൾ വിതരണം ചെയ്ത ഇനത്തിൽ കൊടുക്കുവാൻ അവശേഷിച്ചിരുന്ന 52320/-രൂപ 2019-2020 ൽ സ്പിൽ ഓവറായി കെൽട്രോണിന് നൽകിയിരുന്നു. എന്നാൽ ഉപകരണങ്ങൾ വാങ്ങിയതിന്റെ ടാക്സ് ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിനുപകരം പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് കെൽട്രോണിന് തുക നൽകിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ/ തീയതി | തുക (രൂപ) |
|---|---|
| 78/18-19/23.2.2019 | 58000/- |
| 80/18-19/23.2.2019 | 35254/- |
| 83/18-19/25.3.2019 | 56000/- |
| ആകെ | 149254/- |

ഇതു സംബന്ധിച്ചു നൽകിയ 5/15.07.2020 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രൊഫോർമ ഇൻവോയ്സിലെ തുക തന്നെയാണ് ടാക്സ് ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നും ടാക്സ് ഇൻവോയ്സ് കെൽട്രോണിൽനിന്ന് വാങ്ങുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടാക്സ് ഇൻവോയ്സ് ഓഡിറ്റിൽ ഹാജരാക്കുന്നതുവരെ 52320/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**2)വയോജനങ്ങൾക്ക് കട്ടിൽ**

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | | എസ്.35/20 |
| അടങ്കൽ | വികസനഫണ്ട് | 334040 |
| | തനതുഫണ്ട് | 1710 |
| ചെലവ് | വികസനഫണ്ട് | 330600 |
| | തനതുഫണ്ട് | - |
| ബിൽ/ തീയതി | | 9/30.3.2020 |

ഗ്രാമപഞ്ചായത്തിലെ അർഹരായ വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിന് തയ്യാറാക്കിയ പ്രസ്തുത പ്രോജക്ട് പ്രകാരം 3800/-രൂപ നിരക്കിൽ 87 കട്ടിലുകളുടെ വിലയിനത്തിൽ 330600/-രൂപ ലക്ഷ്മി ഫർണ്ണിച്ചർ മാർട്ട്& ടിമ്പേഴ്സ്, കുടയത്തൂർ എന്ന സ്ഥാപനത്തിന് നൽകിയിരുന്നു. എന്നാൽ ടി ബില്ലിൽനിന്ന് 2% നിരക്കിൽ ജി.എസ്.ടി. സ്രോതസിൽ ഈടാക്കിയിരുന്നില്ല. കൂടാതെ, 1710/-രൂപ തനതുഫണ്ട് വിഹിതം വകയിരുത്തിയിരുന്നെങ്കിലും കട്ടിലുകളുടെ വില പൂർണ്ണമായും വികസനഫണ്ടിൽനിന്നാണ് ചെലവഴിച്ചത്.

മേൽ അപാകത സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 5/15.07.2020 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ ചെലവഴിക്കേണ്ട തുക പൂർണ്ണമായും വികസനഫണ്ടിൽ

ഉണ്ടായിരുന്നതു കൊണ്ടാണെന്നും 2% നിരക്കിൽ ജി.എസ്.ടി. റ്റി.ഡി.എസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ജി.എസ്.ടി. വിഹിതം ഈടാക്കി സർക്കാരിൽ ഒടുക്കേണ്ടതും തനതുഫണ്ട് വിഹിതം വകയിരുത്തുന്ന പ്രോജക്റ്റുകളിൽ ആനുപാതിക വിഹിതം തനതുഫണ്ടിൽനിന്ന് ചെലവഴിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-21 കിണർ റീചാർജിംഗ് സർക്കാർ നിശ്ചയിച്ച സബ്സിഡി മാർഗ്ഗരേഖയിൽ പരിമിതപ്പെടുത്താതെ തുക അനുവദിച്ചിരിക്കുന്നു

പ്രോജക്റ്റ് നം.SO279/20
നിർവ്വഹണോദ്യോഗസ്ഥൻ- വി.ഇ.ഒ ഇളംങ്ങുളം സർക്കിൾ

വകയിരുത്തിയ തുക

വികസനഫണ്ട് (പൊതു വിഭാഗം) -104000

ചെലവഴിച്ച തുക -24000/- ബിൽ നം.19/19-20 തീ 18.3.20

ജി.ഒ.(എം.എസ്)നം.22/2018 ത.സ്വ.ഭ.വ.തീ 14.2.2018സബ്സിഡി മാർഗ്ഗരേഖ പ്രകാരം കിണർ റീചാർജ്ജിംഗിന് ജനറൽവിഭാഗത്തിന് 90% സബ്സിഡി പരമാവധി 8000/-രൂപയാണ് അനുവദിയ്ക്കാവുന്നത്.എന്നാൽ ഗ്രാമപഞ്ചായത്തിൽ 90% തുകയിൽ പരിമിതപ്പെടുത്താതെ ഗുണഭോക്താക്കൾക്ക് 8000/-രൂപ അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്.ഇപ്രകാരം അധികം അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് ,മേൽവിലാസം | വാല്യൂവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം ചെയ്ത പ്രവൃത്തിയുടെ മൂല്യം | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക | അധികം നൽകിയ തുക |
|---|---|---|---|---|
| റോസീന ഷാജി,ഇരുമ്പുകുത്തിയിൽ,കൂരാലി | 8500 | 7650 | 8000 | 350 |
| ചെറിയാൻ തോമസ് ,കാരയ്ക്കാട്ട് ,ഇളംകുളം | 8200 | 7380 | 8000 | 620 |
| മുരളീധരൻ നായർ.വി.വി,വാളാച്ചിറയിൽ | 8200 | 7380 | 8000 | 620 |
| | | | ആകെ | 1590 |

കിണർ റീചാർജ്ജിംഗിന് സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതിൽ അധികമായി 1590/-രൂപ ഗുണഭോക്താക്കൾക്ക് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നം.12/17.07.2020 മറുപടിയായി ഗുണഭോക്താക്കൾക്ക് അധികം നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.ഗുണഭോക്താക്കൾക്ക് അധികം നൽകിയ 1590/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-22 നിലവിൽ പ്രവർത്തനമില്ലാത്ത ലൈബ്രറിയ്ക്ക് പുസ്തകം വാങ്ങി നൽകുന്നതിന് പദ്ധതി വിഹിതത്തിൽ നിന്നും തുക ചെലവഴിച്ചിരിക്കുന്നു

പ്രോജക്റ്റ് നം.SOO1O/20
നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി, ഗ്രാമ പഞ്ചായത്ത്

വികസനഫണ്ട് -45000/-രൂപ

ചെലവഴിച്ച തുക -45000/-രൂപ ബിൽ നം.31/19-20 തീ 25.3.20

ഗ്രാമപഞ്ചായത്തിൽ 16-ാം വാർഡിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് ലൈബ്രറിയിലേയ്ക്ക് ചിന്ത പബ്ലിക്കേഷനിൽ നിന്നും 45000/-രൂപയുടെ പുസ്തകങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. 2015നു ശേഷം ലൈബ്രറിയിൽ യാതൊരു പ്രവർത്തനവും നടക്കുന്നില്ല. നിലവിൽ പ്രവർത്തനം ഇല്ലാത്ത ലൈബ്രറിയിലേയ്ക്ക് പുസ്തകം വാങ്ങി വിതരണം ചെയ്തിട്ടുള്ളതിനാൽ ടി ഇനത്തിലുള്ള 45000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യാധിഷ്ഠിതമല്ലാത്ത പ്രോജക്റ്റിനായി തുക ചെലവഴിച്ച നടപടി വികസന ഫണ്ടിന്റെ ദുർ വിനിയോഗമായി കണക്കാക്കുന്നു. ടി ലൈബ്രറിയുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നുവാങ്ങൽ- മരുന്നുകൾ ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.17/20 |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| അടങ്കൽ | 50,000/-രൂപ |

| | |
|---|---|
| ചെലവ് | 50,000/-രൂപ |
| ബിൽ/ തീയതി | 1/2019-2020/26.2.2020 |

ഗ്രാമപഞ്ചായത്തിലെ ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നുവാങ്ങുന്നതിന് 50,000/-രൂപ കേരള സംസ്ഥാന ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (ഹോംകോ), ആലപ്പുഴ എന്ന സ്ഥാപനത്തിന് നൽകിയിരുന്നുവെങ്കിലും ഓഡിറ്റ് വർഷം മരുന്നുകൾ ലഭിച്ചിട്ടില്ല. നിലവിൽ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കുന്നതിന് 4/15.7.2020 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിന് കോവിഡ് പശ്ചാത്തലത്തിൽ ജീവനക്കാരുടെ എണ്ണം പരിമിതപ്പെടുത്തുകയും പ്രവൃത്തിദിനങ്ങളിൽ കുറവ് വരികയും സാനിറ്റൈസർ ഉല്പാദനം അടിയന്തിരമായി വേണ്ടിവരികയും ചെയ്തതിനാൽ ഹോംകോയിൽനിന്ന് മരുന്ന് ലഭ്യതയിൽ കാലതാമസം നേരിട്ടിട്ടുണ്ടെന്നും ഈ സ്ഥാപനത്തിലേയ്ക്കുള്ള മരുന്നുകൾ പാക്കിംഗ് സെക്ഷൻ വരെ എത്തിയതായി അറിയിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് പ്രകാരം 26.2.2020ൽ മാത്രമാണ് 2019-2020 വർഷത്തേയ്ക്കുള്ള തുക കൈമാറിയിട്ടുള്ളത്. ഓരോ വർഷത്തെയും പ്രോജക്ടുകൾ നിർവഹണ കലണ്ടറിന് അനുസൃതമായി യഥാസമയം നിർവഹിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതും തൻവർഷത്തെ മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-24 സമ്പൂർണ്ണ ജൈവഗ്രാമം- ഗ്രോബാഗ് വിതരണം- അപാകതകൾ

പ്രോജക്ട് നം. 26/2020

അടങ്കൽ- 267000( 200000- വികസന ഫണ്ട് + 67000 ഗുണഭോക്തൃവിഹിതം )

ചെലവ്- 2019-20 67000 ഗുണഭോക്തൃവിഹിതം ( ചെക്ക് നം. 0671094/30.3.20 )

2020-21- 200000 (വികസന ഫണ്ട്- ബിൽ നം.2/20-21/ 20.4.2020 )

നിർവ്വഹണോദ്യഗസ്ഥൻ- കൃഷി ഓഫീസർ, എലിക്കുളം

എലിക്കുളം ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ നടപ്പാക്കിയതാണ് മേൽ പ്രോജക്ട്. എഴുവേലിൽ ഗാർഡൻസ് & ഓർക്കിഡ് യാർഡ്സ് പുളിക്കൽകവല എന്ന സ്ഥാപനത്തിൽ നിന്നും 134 യൂണിറ്റ് ( ഒരു യൂണിറ്റ് 25 ബാഗ്) ഗ്രോബാഗ് വാങ്ങി സ്റ്റോക്ക് രജിസ്റ്റർ പേജ് 45 ൽ ചേർത്തിട്ടുണ്ട്. വിതരണരജിസ്റ്റർ പേജ് 60 മുതൽ 79 വരെയുള്ള പേജുകളിൽ ചേർത്ത് 150 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിതരണരജിസ്റ്ററിൽ ഗ്രോബാഗ് കൈപ്പറ്റിയതായി ഗുണഭോക്താക്കൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. ആയത് ക്രമപ്രകാരമല്ല.

അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് അപാകത പരിഹരിച്ച് മറുപടി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]


# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ


[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിൻമേൽ ഭരണതല തുടർ നടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]


# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]


## 3-1 ചെലവ്- വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**പ്രോജക്ട് നം.SO279/20 (കിണർ റീചാർജ്ജിംഗ് സർക്കാർ നിശ്ചയിച്ച സബ്സിഡി മാർഗ്ഗരേഖയിൽ പരിമിതപ്പെടുത്താതെ തുക അനുവദിച്ചിരിക്കുന്നു.)**

നിർവ്വഹണോദ്യോഗസ്ഥൻ- വി.ഇ.ഒ ഇളംങ്ങുളം സർക്കിൾ

വകയിരുത്തിയ തുക

വികസനഫണ്ട് (പൊതു വിഭാഗം) -104000

ചെലവഴിച്ച തുക -24000/- ബിൽ നം.19/19-20 തീ 18.3.20

ജി.ഒ.(എം.എസ്)നം.22/2018 ത.സ്വ.ഭ.വ.തീ 14.2.2018സബ്സിഡി മാർഗ്ഗരേഖ പ്രകാരം കിണർ റീചാർജ്ജിംഗിന് ജനറൽവിഭാഗത്തിന് 90% സബ്സിഡി പരമാവധി 8000/-രൂപയാണ് അനുവദിയ്ക്കാവുന്നത്.എന്നാൽ

ഗ്രാമപഞ്ചായത്തിൽ 90% തുകയിൽ പരിമിതപ്പെടുത്താതെ ഗുണഭോക്താക്കൾക്ക് 8000/-രൂപ അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്.ഇപ്രകാരം അധികം അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് ,മേൽവിലാസം | വാല്യൂവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം ചെയ്ത പ്രവൃത്തിയുടെ മൂല്യം | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക | അധികം നൽകിയ തുക |
|---|---|---|---|---|
| റോസീന ഷാജി,ഇരുമ്പുകുത്തിയിൽ,കൂരാലി | 8500 | 7650 | 8000 | 350 |
| ചെറിയാൻ തോമസ് ,കാരയ്ക്കാട്ട് ,ഇളംകുളം | 8200 | 7380 | 8000 | 620 |
| മുരളീധരൻ നായർ.വി.വി,വാളാച്ചിറയിൽ | 8200 | 7380 | 8000 | 620 |
| | | | ആകെ | 1590 |

കിണർ റീചാർജ്ജിംഗിന് സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതിൽ അധികമായി 1590/-രൂപ ഗുണഭോക്താക്കൾക്ക് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നം.12/17.07.2020 മറുപടിയായി ഗുണഭോക്താക്കൾക്ക് അധികം നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.ഗുണഭോക്താക്കൾക്ക് അധികം നൽകിയ 1590/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. സബ്സിഡി മാർഗ്ഗ രേഖ പ്രകാരമുള്ള പരിധി അധികരിച്ച് ചെലവഴിച്ച തുകയ്ക്ക് വി.ഇ.ഒ ശ്രീ. അരുൺ പിള്ള ബാധ്യതപെട്ടിരിക്കുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-2020 | ഓഡിറ്റ് വേളയിൽ തന്നെയാണ് സർട്ടിഫിക്കേഷനുവേണ്ടി കണക്കുകൾ പരിശോധിച്ചത്. | ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 100,000 | ക്ഷീര കർഷകർക്ക് ഇൻസെന്റീവ് വിതരണം | 100,000 | 0 |
| ജില്ലാ പഞ്ചായത്ത് | “ | 387500 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും യാത്രാബത്തയും | 387500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | “ | 172500 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് | 172500 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പും യാത്രാബത്തയും | | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ നിക്ഷേപ പ്രവൃത്തികൾക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 100,000/-രൂപ വരവുണ്ട്. മുൻബാക്കി 6028284രൂപയടക്കം 6128284/-രൂപ വിനിയോഗിച്ചിട്ടുണ്ട്.
ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന വായ്പ | ജി.ഒ.(ആർ.ടി) നം.1031/2010/ ത.സ്വ.ഭ.വ 13.04.2010 | 10500000 | 1094789 | 1094789 | - | 0 |
| ലൈഫ് ഭവനപദ്ധതി – കെ.യു.ആർ.ഡി.എഫ്.സി ലോൺ | ജി.ഒ. (എം.എസ്) 68/2018, 18.5.18& ജി.ഒ(എം.എസ്) 100/2018, 30.7.2018 | 9748484 | 6028284 | 544118(നേരിട്ട് റിക്കവറി നടത്തിയ തുക) | - | 5584166/- |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10000000 |
| തൻവർഷം നിക്ഷേപിച്ച തുക | 790016 (പലിശ സ്ഥിര നിക്ഷേപത്തോട് ചേർത്തത്) |
| ആകെ | 10790016 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10790016 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | സർവ്വീസ് സഹകരണബാങ്ക് ഇളങ്ങുളം (നം.6546/1.7.2019) | 1.7.2019 | 6മാസം | 5395008 | പലിശനിരക്ക് 7.75% |
| 2 | സർവ്വീസ് സഹകരണബാങ്ക് ഇളങ്ങുളം6547/1.7.2019 | 1.7.2019 | 6മാസം | 5395008 | |
| | | | ആകെ | 10790016 | |

തനത് ഫണ്ടിൽ നിന്നും നിക്ഷേപിച്ച 1 കോടി രൂപയുടെ പലിശ വരവ് നിക്ഷേപത്തിൽ കൂട്ടിയാണ് തുക കണക്കാക്കിയിട്ടുള്ളത്.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവ് ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ തൻവർഷം തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 63434833( 16888377/- രൂപ മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 49926888 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 1590/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 144488/- |

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-21 | | 1590 | ശ്രീ. അരുൺപിള്ള വി.ഇ.ഒ ഇളംങ്ങുളം സർക്കിൾ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 16166 | ശ്രീമതി. ഷീജാമോൾ ജോസഫ് അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-17 | 31002 | ശ്രീമതി. ഷീജാമോൾ ജോസഫ് അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-20(1) | 52320 | ശ്രീമതി. ജോവാൻസി മാത്യു എെ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-22 | 45000 | ശ്രീ. ജോസഫ് പി.ടി സെക്രട്ടറി |
| ആകെ | 144488 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അരുൺപിള്ള വി.ഇ.ഒ | വി.ഇ.ഒ ഇളംങ്ങുളം സർക്കിൾ എലിക്കുളം ഗ്രാമപഞ്ചായത്ത് | ചെറുവിളേത്ത് പാണ്ടനാട് പി.ഒ ചെങ്ങന്നൂർ |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01, 2001-02 ജനകീയാസൂത്രണം | കെ.എസ്.എ.കെ.ടി.എം പി13/ അദ318/197(1)/2.2.18 | 3 |
| 2005-06 | കെ.എസ്.എ.കെ.ടി.എം പി13/ അദ318/197(1)/2.2.18 | 11 |
| 2006-07 | കെ.എസ്.എ.കെ.ടി.എം പി13/ അദ318/197(4)/27.2.18 | 4 |
| 99-00ചെലവ് | എൽ.എഫ്.കെ.പി.6/55/03/16.6.03/10.10.03 | 27 |
| 2009-10 | കെ.എസ്.എ.കെ.ടി.എം പി13/ അദ318/197(5)/27.2.18 | 4 |
| 2010-11 ,11-12 | കെ.എസ്.എ.കെ.ടി.എം പി13/ അദ318/197(6)/27.2.18 | 4 |
| 2012-13 | കെ.എസ്.എ.കെ.ടി.എം പി13/891/18/25.6.18 | 5 |
| 2013-14 & 2014-15 | കെ.എസ്.എ-കെ.ടി.എം.പി.13-2204/2018/29.04.18 | 8 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.13/889/2018/22.05.18 | 6 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.13/2204/2018/29.04.18 | 12 |
| 2017-18 | കെ.എസ്.എകെ.ടി.എം.പി.13/46/19/08.05.19 | |
| 2018-19 | കെ.എസ്.എകെ.ടി.എം.പി.13/933/2019/19.10.19 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

# അനുബന്ധം-1
# ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**അനുബന്ധം-2**
**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# <u>അനുബന്ധം 1</u>
# <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ.കെ.ടി.എം.പി13/829/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ:04812564886

ഇ-മെയിൽ:doktm.ksad@kerala.gov.in
തീയതി:12.08.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-20 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാഓഡിറ്റ് കാര്യാലയം, കോട്ടയം